"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം മിനി സിവിൽ സ്റ്റേഷൻ എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

റവന്യൂ (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.499/2026/RD തീയതി,തിരുവനന്തപുരം, 02-03-2026

---

പരാമർശം:-

1. 17.01.2022 തീയതിയിലെ സ.ഉ.(അച്ചടി)നം. 7/2022/ധന നമ്പർ സർക്കാർ ഉത്തരവ്.
2. 20.02.2025 തീയതിയിലെ സ.ഉ.(അച്ചടി)നം.17/2025/ധന നമ്പർ സർക്കാർ ഉത്തരവ്.
3. 24.05.2025 തീയതിയിലെ സ.ഉ.(സാധാ)നം. 4682/2025/ധന നമ്പർ സർക്കാർ ഉത്തരവ്.
4. 28.07.2025 തീയതിയിലെ സ.ഉ.(കൈ)നം. 3/2025/PIE&MD നമ്പർ സർക്കാർ ഉത്തരവ്.
5. ലാൻഡ് റവന്യൂ കമ്മീഷണറുടെ 20.01.2026 തീയതിയിലെ LR/7343/2024-LR(M1) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

നവകേരള സദസ്സിൽ ഉയർന്നു വന്ന വികസന പദ്ധതികളുടെ പരാമർശം-3 പ്രകാരം അംഗീകരിച്ച അന്തിമ പട്ടികയിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട കൈപ്പമംഗലം റവന്യൂ ടവർ നിർമ്മാണം - 3 കോടി [Sl No.108] എന്ന പദ്ധതിയും ഉൾപ്പെട്ടിട്ടുള്ളതാണ്. കൂടാതെ പ്രസ്തുത പദ്ധതിയ്ക്കായി 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ 5 കോടി രൂപയുടെ അടങ്കൽ തുകയിൽ നിന്ന് 20% വകയിരുത്തിയിട്ടുള്ളതുമാണ്.

2] കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന വിവിധ സർക്കാർ ഓഫീസുകളെ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ 1515.74ചതു.മീ. വിസ്തീർണ്ണമുള്ള 5 നില കെട്ടിടമാണ് കൈപ്പമംഗലം മിനി സിവിൽ സ്റ്റേഷൻ എന്ന പദ്ധതിയിലൂടെ നിർമ്മിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നും താഴത്തെ നിലയിൽ കാർ പാർക്കിംഗ് സൗകര്യവും, കൂടാതെ ഇലക്ട്രിക്കൽ റൂം, ജനറേറ്റർ റൂം, ലോബി ഏര്യ, ടോയ്ലറ്റ് എന്നിവയും, ഒന്നാം നിലയിൽ ADA ഓഫീസ്, പട്ടികജാതി വികസന വകുപ്പിന്റെ ഓഫീസ്, ക്ഷീര വികസന ഓഫീസ്, ഭിന്നശേഷിക്കാർക്കുള്ള ടോയ്ലറ്റ്, ഫീഡിംഗ് റൂം എന്നിവയും, രണ്ടാം നിലയിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഓഫീസ്, വാട്ടർ അതോറിറ്റി ഓഫീസ്, ക്ഷേമനിധി ഓഫീസ്, ഫിഷറീസ് ഓഫീസ്, ടോയ്ലെറ്റ് എന്നിവയും, മൂന്നാം നിലയിൽ AEO ഓഫീസ്, കോൺഫറൻസ് ഹാൾ, ടോയ് ലെറ്റ് എന്നിവയും, നാലാം നിലയിൽ വിവിധ ഓഫീസുകൾക്ക് ഭാവിയിൽ പ്രവർത്തിക്കുന്നതിനുള്ള സ്ഥലവും ഉൾപ്പെടുത്തിയിട്ടുള്ളതായും ഫണ്ട് ലഭ്യതയ്ക്കനുസൃതമായി

നിലവിൽ 4 നിലകെട്ടിടമാണ് കൈപ്പമംഗലം മിനി സിവിൽ സ്റ്റേഷൻ ആയി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്നും ഭൂമിയുടെ സർവ്വേ, മണ്ണ് പരിശോധന എന്നിവ നടത്തുകയും ആർക്കിടെക്ചർ/സ്ട്രക്ചറൽ ഡ്രോയിങ് തയ്യാറാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 8 കോടി രൂപയുടെ DSoR 2021 പ്രകാരം തയ്യാറാക്കിയിരിക്കുന്ന എസ്റ്റിമേറ്റ്, ഡ്രോയിങ്ങിന്റെ പകർപ്പ് എന്നിവ സഹിതം ഭരണാനുമതിയ്ക്കായുള്ള പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം 5-ലെ കത്ത് പ്രകാരം സമർപ്പിയ്ക്കുകയുണ്ടായി.

3] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി, തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം മിനി സിവിൽ സ്റ്റേഷൻ എന്ന പദ്ധതിയ്ക്കായി 8 കോടി രൂപയ്ക്ക് സമർപ്പിച്ചിരുന്ന എസ്റ്റിമേറ്റ് തുക 6,50,00,000/- രൂപയിൽ (1515.74 sq.m X Rs. 42,000 per sq.m - rounded to Rs.6.50cr) നിജപ്പെടുത്തിക്കൊണ്ട് ആയതിന് ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

i. The TS authority shall ensure the construction of buildings by enforcing compliance with KMBR/KPBR 2019.
ii. The Commissioner, Land Revenue, shall ensure that the works proposed in the estimate satisfy the functional requirements as envisaged.
iii. The Structural Design is not seen done for the proposed building. Hence, the structural adequacy and structural stability for the building shall be ensured by the TS authority before issuing the Technical Sanction considering economy.
iv. The TS authority shall ensure the correctness of the rates adopted for observed data provided in the estimates and the quality of materials during the time of execution.
v. The TS Authority has to ensure that the area provision of each office floor is based on Schedule of Accommodation, as per G.O (P) No.17/2025/FIN dated 20/02/2025.
vi. Since the cost per square feet comes to Rs. 4,905/-, which is found to be very high, the construction cost of the building shall be regulated by adopting economical methods of design and by regulating the electrical provisions.
vii. The TS estimate shall be prepared based on the aforementioned conditions/remarks. In case the amount exceeds the amount recommended, the matter shall be taken up with the Government along with a copy of the TS estimate.
viii. The Commissioner, Land Revenue shall ensure that the selection of the Accredited agency for this work is strictly in accordance with G.O (P) No.7/2022/FIN dated 17/01/2022.

4] പ്രസ്തുത പ്രവൃത്തിയ്ക്കാവശ്യമായ തുക 4059-01-051-96-00-16 (PV) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി ആർ ജയപാൽ
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം

ജില്ലാ കളക്ടർ, തൃശ്ശൂർ

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (10.02.2026, 27.02.2026 തീയതികളിലെ വ്യയം-ഡി1/361/2025/ധന പ്രകാരം)

പദ്ധതി നിർവ്വഹണ നിരീക്ഷണ വകുപ്പ്

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba V R
സെക്ഷൻ ഓഫീസർ
Date: 04-03-2026 11:06:04